ഉത്തരം

(എ) തലസ്ഥാന മേഖലയിലെ നിയമപാലനം, കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം, നീതിനിർവ്വഹണം എന്നിവ ആധുനീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിലേക്കുമായി 2001 മേയ് മാസത്തിനുശേഷം പുതിയ വാഹനങ്ങൾ അനുവദിക്കുകയും പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, ഡിജിറ്റൽ ക്യാമറ, ഇൻവെസ്റ്റിഗേഷൻ കിറ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സിറ്റി പോലീസിന് അനുവദിക്കുകയുണ്ടായി. ട്രാഫിക് പോലീസ് സ്റ്റേഷനിൽ വാഹനങ്ങളുടെ വേഗത കണ്ടുപിടിക്കുന്നതിനായി ഒരു സ്പീഡ് ചെക്ക് റഡാറും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. നഗരത്തിലെ പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം, ക്രമസമാധാന പരിപാലനം തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലാ ആന്റ് ഓർഡർ എസ്. ഐ. മാർക്ക് പുറമേ ക്രൈം ബ്യൂറോകൾ രൂപീകരിച്ച് ക്രൈം എസ്. ഐ. മാരെക്കൂടി നിയമിച്ച് പോലീസ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട് .

(ബി) ഇതു സംബന്ധിച്ച് പോലീസ് ഡയറക്ടർ ജനറലിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) സ്റ്റേറ്റ് ക്രൈംസ് റിക്കോർഡ്സ് ബ്യൂറോയിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടി

95 [828] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ൽ ആരംഭിച്ച കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടികൾ നാളിതുവരെ പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; ഭേദഗതി നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്ന് അറിയിക്കുമോ;

(ബി) 10841/ബി3/97/ഹോം തീയതി 27-6-2002 എന്ന കത്തിൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾക്കുമേൽ ജയിൽ വകുപ്പിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ ഭേദഗതി സംബന്ധിച്ചോ അതിലെ അപാകതകൾ സംബന്ധിച്ചോ എന്തെങ്കിലും കേസ് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച നടത്തുകയും 27-6-2002-ലെ 10841/ബി3/97/ആഭ്യന്തരം നമ്പർ കത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പുതുക്കിയ കരട് ഭേദഗതി ചട്ടങ്ങൾ സമർപ്പിക്കുവാൻ ജയിൽ ഡി. ജി. പി. യോട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് ഭേദഗതി നിർദ്ദേശങ്ങൾ പൂർണ്ണ തോതിൽ ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്. ലഭിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും 27-6-2002-ലെ കത്തിലെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി നൽകണമെന്ന് 20-5-2003-ലെ 10841/ബി3/97/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ജയിൽ ഡി. ജി. പി. യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം മിനിസ്റ്റീരിയൽ തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ളവരെ ഡെപ്യൂട്ടി ജയിലറായും അസിസ്റ്റന്റ് ജയിലറായും തസ്തിക മാറ്റം വഴി നിയമിക്കുന്നത് തടയണമെന്ന് കാണിച്ചുകൊണ്ട് പൊൻകുന്നം സബ്ജയിൽ സൂപ്രണ്ട് ശ്രീ. സാജനും കൂട്ടരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 28521/04 എന്ന കേസ് നിലവിലുണ്ട്.

ഉത്തരമേഖലയിലെ ജയിലുകളിലെ രാഷ്ട്രീയ നേതാക്കളുടെ സന്ദർശനം

96 [834] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. അച്ചുതൻ:

,, കെ. സി. ജോസഫ്:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമേഖലയിലുള്ള ഏതെല്ലാം ജയിലുകളിലാണ് രാഷ്ട്രീയ നേതാക്കൾ അടിക്കടി സന്ദർശനം നടത്തുന്നത് എന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം രാഷ്ട്രീയ നേതാക്കളാണ് ഇത്തരത്തിൽ സന്ദർശനം നടത്തിയതെന്നും ഇവരുടെ സന്ദർശനത്തിന് നിയന്ത്രണമോ മാർഗ്ഗരേഖകളോ ഉണ്ടാക്കണമെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഉത്തരമേഖലയിലെ ചില ജയിലുകളിൽ തടവുകാർക്ക് മദ്യവും മയക്കുമരുന്നും എത്തിക്കുന്നതിൽ ഉദ്യോഗസ്ഥൻമാർക്ക് പങ്കുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം ചെയ്യുന്നത് നിയമാനുസൃതമാണോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly